മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ആലോചനയല്ല ഒരു തീരുമാനം വേണമെന്നാണ് പറയുന്നത്.

മിസ്റ്റർ കെ. അയ്യപ്പൻ: ആലോചനകൂടാതെ ഒരു തീരുമാനം ഒരു ഗവൺമെണ്ടിനും സാദ്ധ്യമല്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: കൊടുങ്ങല്ലൂരിനും എങ്ങിനെയെങ്കിലും വെള്ളം കൊടുക്കുന്നകാര്യം ആലോചിക്കാമൊ?

മിസ്റ്റർ കെ. അയ്യപ്പൻ: ഇതിനേക്കാൾ വിഷമമുള്ള, ഉപ്പുവെള്ളം മാത്രമുള്ള സ്ഥലങ്ങൾക്കു ഇതുവരെ വെള്ളം കൊടുത്തിട്ടില്ല. അഴിക്കോട്, എറിയാട്, എന്നീ സ്ഥലങ്ങളിൽ അത്ര വലിയ ക്ഷാമമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: കൊടുങ്ങല്ലൂരിന്റെകാര്യം അനുകമ്പാപൂർവ്വം ആലോക്കുമോ?

ഉത്തരമില്ല.

AYURVEDIC HOSPITAL AT AZHICODE—PARTICULARS OF

191. (228) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ. —

(എ) അഴീക്കോട് ആയുർവ്വേദാസ്പത്രിക്കു കൊല്ലത്തിൽ എത്ര മരുന്നുകൾ സപ്ലൈ ചെയ്യുന്നുണ്ട്;

(ബി) ഇൻപേഷ്യന്റ് വാർഡിലെ ഭക്ഷണച്ചിലവ് ഒരു കൊല്ലത്തിൽ എത്ര വരുന്നുണ്ട്;

(സി) ഈ കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ ഇൻപേഷ്യന്റ് വാർഡിൽ ഓരോ ആണ്ടിലും എത്ര രോഗികൾ; എന്തു ചിലവുണ്ടായി?

മിസ്റ്റർ സി. എ. മൗസേപ്പ്:

			ക	ണ.	സ.
(എ)	൧൯൪൫-ൽ	ന, വ വ വ	൧൪	൯
	൧൯൪൬-ൽ	ന, ന ം ന	൧	൪
	൧൯൪൭-ൽ	൪, ന ൻ ൧	൪	൪
(ബി)	൧൯൪൫-ൽ	ൻ ൪ ന	൨	൪
	൧൯൪൬-ൽ	൧, ൪ ം ന	൭	൧
	൧൯൪൭-ൽ	൧, ൨ ം ൧	൪	൧
(സി)	൧൯൪൫-ൽ	No.	ന ൪	
	൧൯൪൬-ൽ	,,	൧൯ ം	
	൧൯൪൭-ൽ	,,	വൻ	

ഇൻപേഷ്യന്റ് വാർഡിൽ ഭക്ഷണച്ചിലവിനു് ൧൯൪൫-ൽ ൻ ൪ ന കു. ണ. ൪യും ൧൯൪൬-ൽ ൧, ൪ ം ന കു. ണ. ൧യും ൧൯൪൭-ൽ ൧, ൨ ം ൧ കു. ണ. ൧യും ചിലവായിട്ടുണ്ട്. ഇൻപേഷ്യന്റ് വാർഡിലെ രോഗികൾക്കും ഔട്ട്പേഷ്യന്റിനും കൂടി മരുന്നുകൾക്കായി ൧൯൪൫-ൽ ന, വ വ വ കു. ൧൪ ണ. ൻയും ൧൯൪൬-ൽ ന, ന ം ന കു. ണ. ൪യും ൧൯൪൭-ൽ ൪, ന ൻ ൧ കു. ൪ണ. ൪യും ചിലവായി.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: മരുന്നു സപ്ലൈ ചെയ്യുന്നതു് ഇത്ര കുറഞ്ഞു കുറഞ്ഞു വരുന്നതെന്താണു്?

മിസ്റ്റർ സി. എ. മൗസേപ്പ്: കൂടുതലാണെന്നാണു ഗവൺമെണ്ടിന്റെ അഭിപ്രായം. രോഗികളുടെ എണ്ണത്തിന്റെ കൂടുതൽകുറവനുസരിച്ചു് മരുന്നും സപ്ലൈചെയ്യുന്നതും കൂടിയും കുറഞ്ഞും വരാം.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: കൂടുതലല്ല. out-patient ward-ന്റെ കാര്യംകൂടി ആലോചിക്കണം. ഇനിയെങ്കിലും കൂട്ടിത്തരാൻ ദയവുണ്ടാകുമൊ?

മിസ്റ്റർ സി. എ. മൗസേപ്പ്: ആലോചിച്ചു ചെയ്യാം.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: രോഗികളുടെ കണക്കുനോക്കി ഭക്ഷണകാര്യത്തിൽ വേണ്ടതുചെയ്യാൻ ദയവുണ്ടാകുമൊ?

മിസ്റ്റർ സി. എ. മൗസേപ്പ്: ഭക്ഷണക്കാര്യത്തിൽ വേണ്ടതുചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly